**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത വി കുമാർ ഐ എ എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –പോഷകബാല്യം 2025 - 26 - രണ്ടാം ഗഡു തുക അനുവദിച്ചുത്തരവാകുന്നു.

പരാമർശം:
1. 21/03/2025 ലെ DWCD/1043-2025-ICDS B1 നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 13.05.2025 ലെ DWCD/2405/2025-ICDSB1 നമ്പർ നടപടിക്രമം.
3. 11.06.2025 ലെ സ.ഉ.(സാധാ) നമ്പർ.272/2025/WCDD സർക്കാർ ഉത്തരവ്.
4. ഈ കാര്യാലയത്തിലെ 16.06.2025 ലെ DWCD/1043/2025-ICDSB1 നമ്പർ പരിപത്രം.
5. കോഴിക്കോട് ജില്ലാ വനിതാ ശിശു വികസന ആഫീസറുടെ 11.06.2025 ലെ DWCDO/KKD/A-1350/2024 നമ്പർ കത്ത്.

**ഉത്തരവ് നം. DWCD/2405/2025-ICDSB1 തീയതി: 01-07-2025**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിരവികസന ലക്ഷ്യമായ "സീറോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന സംസ്ഥാനപദ്ധതി (പോഷകബാല്യം) 2022-23 ൽ ആരംഭിച്ച് 2025 -26 വർഷവും തുടർന്നു വരുന്നു. നടപ്പു സാമ്പത്തിക വർഷം ആഴ്ചയിൽ 3 ദിവസം പാലും 3 ദിവസം മുട്ടയും എന്ന രീതിയിൽ പദ്ധതി വിപുലപ്പെടുത്തി തുടരുന്നതിനായി പരാമർശം (3) പ്രകാരം സംസ്ഥാന സർക്കാർ 8000.00 ലക്ഷം രൂപ ചെലവഴിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

2025 -26 സാമ്പത്തിക വർഷാരംഭം പദ്ധതി തടസ്സം കൂടാതെ തുടരുന്നതിനായി ഏപ്രിൽ - മെയ് മാസത്തേയ്ക്ക് ആവശ്യമായ തുക പരാമർശം (2 )പ്രകാരം അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു തുടർ പദ്ധതി എന്ന നിലയിൽ പദ്ധതിയിൽ തടസ്സം കൂടാതെ തുടരേണ്ട സാഹചര്യത്തിൽ അങ്കണവാടികളിലൂടെ മുട്ടയും പാലും വിതരണം ചെയ്യുന്നതിന് തുടർന്നുള്ള മാസങ്ങളിൽ ആവശ്യമായ തുക അനുവദിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, പോഷകബാല്യം പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക മുട്ട ഇനത്തിൽ 4,30,68,000/-(നാലുകോടി മുപ്പതു ലക്ഷത്തി അറുപത്തിയെട്ടായിരം രൂപ മാത്രം) രൂപയും പാൽ ഇനത്തിൽ 3,23,01,000/-(മൂന്നു കോടി ഇരുപത്തി മൂന്നു ലക്ഷത്തി ആയിരം രൂപ മാത്രം) രൂപയും ഉൾപ്പെടെ ആകെ **7,53,69,000/-(ഏഴു കോടി അൻപത്തിമൂന്നു ലക്ഷത്തി അറുപത്തിയൊൻപതിനായിരം രൂപ** മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 80 കോടി രൂപയിൽ നിന്നും രണ്ടാം ഗഡുവായി ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റ് പ്രകാരം അനുവദിച്ചുത്തരവാകുന്നു. പരാമർശം (5) പ്രകാരം മെയ് മാസത്തേയ്ക്ക് അധിക തുക ആവശ്യപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയ്ക്ക് ഈ ഉത്തരവു പ്രകാരം അനുവദിക്കുന്ന തുകയിൽ

നിന്നും തുക വിനിയോഗിക്കാവുന്നതാണ്.

**ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പദ്ധതി ചെലവിനു ആവശ്യമായ തുക മുൻകൂറായി ശിശു വികസന പദ്ധതി ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.**

പ്രോഗ്രാം ഓഫീസർമാർ തുകയുടെ വിനിയോഗ സാക്ഷ്യപത്രം (KFC Form 44) പ്രകാരം ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്നും ശേഖരിച്ച ക്രോഡീകരിച്ച ജില്ലാ വനിതാ ശിശു വികസന ഓഫീസർ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
2. എല്ലാ പ്രോഗ്രാം ആഫീസര്മാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ആഫീസര്മാർക്കും
4. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**

| POSHAKABALYAM 2025-26 - SECOND ALLOTMENT | | | | |
|---|---|---|---|---|
| SL NO | DISTRICT | | | |
| | | EGG | MILK | TOTAL |
| 1 | Thiruvananthapuram | 4209720 | 3157290 | 7367010 |
| 2 | Kollam | 3387120 | 2540340 | 5927460 |
| 3 | Pathanamthitta | 1499400 | 1124550 | 2623950 |
| 4 | Alappuzha | 2922840 | 2192130 | 5114970 |
| 5 | Kottayam | 1563000 | 1172250 | 2735250 |
| 6 | Ernakulam | 1622160 | 1216620 | 2838780 |
| 7 | Idukki | 3868200 | 2901150 | 6769350 |
| 8 | Thrissur | 3463440 | 2597580 | 6061020 |
| 9 | Palakkad | 3147960 | 2360970 | 5508930 |
| 10 | Malappuram | 6910320 | 5182740 | 12093060 |
| 11 | Wayanad | 1179960 | 884970 | 2064930 |
| 12 | Kozhikkode | 3653160 | 2739870 | 6393030 |
| 13 | Kannur | 3515400 | 2636550 | 6151950 |
| 14 | Kasargode | 2125320 | 1593990 | 3719310 |
| TOTAL | | 43068000 | 32301000 | 75369000 |